<u>15 -ാം കേരള നിയമസഭ</u>

<u>6 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1759</u> <u>31-08-2022 - ൽ മറുപടിയ്ക്ക്</u>

<u>കോഴിക്കോട് സർവ്വകലാശാലയിൽ അദ്ധ്യാപക നിയമനങ്ങളിൽ ഭിന്നശേഷി വിഭാഗങ്ങൾക്ക് സംവരണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. യു.എ.ലത്തീഫ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് സർവകലാശാലയിൽ അദ്ധ്യാപക നിയമനങ്ങളിൽ ഭിന്നശേഷി വിഭാഗങ്ങൾക്ക് സംവരണം അനുവദിക്കുന്ന വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ; | (എ) | കോഴിക്കോട് സർവകലാശാലയിൽ അദ്ധ്യാപക നിയമനങ്ങളിൽ ഭിന്നശേഷി വിഭാഗങ്ങൾക്ക് സംവരണം അനുവദിക്കുന്ന വിഷയത്തിൽThe Right of Persons with Disabilities Act-2016 section 34(1) പ്രകാരം ഭിന്നശേഷിക്കാർക്ക് നാല് ശതമാനം സംവരണം ഉറപ്പ് വരുത്തിയിട്ടുണ്ട് . |
| (ബി) | സർവകലാശാല ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ; | (ബി) | 2016 ലെ അംഗപരിമിതാവകാശ നിയമം കാലിക്കറ്റ് സർവ്വകലാശാലയിൽ നടപ്പാക്കിയിട്ടുണ്ട്. എയ്ഡഡ് കോളേജുകളിൽ ഭിന്നശേഷിക്കാർക്ക് അർഹമായ സംവരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേരള സർക്കാർ 18.11.2018 തിയതിയിൽ പുറപ്പെടുവിച്ച GO(P) No.18/2018/SJD ഉത്തരവ് പ്രകാരം കാലിക്കറ്റ് സർവകലാശാല സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സർവകലാശാലയിൽ സ്വീകരിച്ചിട്ടുള്ളതാണ്. 1979ലെ കാലിക്കറ്റ് സർവകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്താനുള്ള മേൽ ഭേദഗതി നിർദ്ദേശങ്ങൾ സർവകലാശാല ചാൻസലറായ ബഹു. കേരള ഗവർണറുടെ അംഗീകാരത്തിനായി, 13.11.2020 തിയതിയിലെ കത്ത് പ്രകാരം ബഹു. കേരള ഗവർണറുടെ ഓഫീസിലേക്ക് അയച്ചു നൽകിയിരുന്നെങ്കിലും, ഭിന്നശേഷിക്കാർക്കുചിതമായ തസ്തികകൾ വ്യക്തമാക്കി നൽകുന്നതിന് സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ നിർദ്ദേശങ്ങൾ ഭേദഗതി വരുത്തി നൽകുന്നതിനായി 22.11.2021 തിയതിയിലെ കത്ത് പ്രകാരം തിരികെ നൽകിയിട്ടുള്ളതാണ്. ആയത് 30.12.2021 തിയതിയിൽ ചേർന്ന സിൻഡിക്കേറ്റ് പരിഗണിക്കുകയും തുടർനടപടികൾക്കായി സിൻഡിക്കേറ്റ് ഉപസമിതിയായ ലീഗൽ അഫയേഴ്സ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരിക്കുകയുമാണ്. |
| (സി) | സർവകലാശാലകളിൽ ഭിന്നശേഷി സംവരണം | (സി) | സർവ്വകലാശാലകളിൽ ഭിന്നശേഷി സംവരണം |

| | | | |
|---|---|---|---|
| | നടപ്പിലാക്കുമ്പോൾ മറ്റ് സമുദായങ്ങൾക്ക് സംവരണ നഷ്ടം സംഭവിക്കുന്നുണ്ടോ; വിശദമാക്കുമോ; | | നടപ്പിലാക്കുന്നതുമൂലം മറ്റ് സമുദായങ്ങൾക്ക് സംവരണ നഷ്ടം ഉണ്ടാകുന്നില്ല. |
| (ഡി) | സർവകലാശാലകളിൽ ഔട്ട് ഓഫ് ടേൺ ആയി ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിനെ തുടർന്ന് ഉണ്ടാകുവാൻ സാധ്യതയുള്ള മറ്റ് വിഷയങ്ങൾ പരിഹരിക്കുന്നതിനും മറ്റ് സംവരണ സമുദായങ്ങളുടെ നഷ്ടം നികത്തുന്നതിനും ഉതകുന്ന തരത്തിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | (സി)-യിൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ